**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 863** **26-07-2021 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട്ടെ തൊഴിലാളികളുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കഞ്ചിക്കോട് വ്യവസായമേഖലയിലെ അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നറിയിക്കാമോ; | (എ) | കഞ്ചിക്കോട് വ്യവസായ മേഖലയിലെ അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളും മെച്ചപ്പെട്ട മിനിമം വേതനവും ഉറപ്പ് വരുത്തുന്നതിനായി സ്വാഭാവിക പരിശോധനകൾ നടത്തി വരുന്നുണ്ട്. തൊഴിലുടമകളുടെയും ട്രേഡ് യൂണിയനുകളുടെയും സഹകരണത്തോടെ തൊഴിലാളി - തൊഴിലുടമാ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിനായി തൊഴിൽ വകുപ്പ് ശ്രദ്ധ ചെലുത്തിവരുന്നു. കഞ്ചിക്കോട് വ്യവസായ മേഖലയിൽ ഏകദേശം 8000-ത്തോളം അതിഥി തൊഴിലാളികൾ ജോലിയെടുത്തുവരുന്നു. ഇവരുടെ താമസം ഒരുക്കികൊടുക്കുന്നത് സ്ഥാപന ഉടമകളായ കമ്പനികളാണ്. കൂടാതെ കഞ്ചിക്കോട് വ്യവസായ മേഖല കേന്ദ്രീകരിച്ച് തൊഴിലാളികൾ കൂട്ടമായി താമസിച്ചുവരുന്നു. ഇവർക്ക് വർഷത്തിൽ ചുരുങ്ങിയത് 2 തവണയെങ്കിലും ആരോഗ്യവകുപ്പുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണവും നടത്തിവരുന്നു. ഇതു കൂടാതെ മഴക്കാല പൂർവ്വ രോഗനിയന്ത്രണത്തിന്റെ ഭാഗമായി കൊതുകു നശീകരണവും പരിസര ശുചീകരണവും ഉൾപ്പെടെയുള്ള ബോധവൽക്കരണവും നടത്താറുണ്ട്. കൂടാതെ അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി കഞ്ചിക്കോട് മേഖലയിൽ ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ ലോക്ഡൗണിനെ തുടർന്ന് 5000-ത്തോളം അതിഥി തൊഴിലാളികൾ മാത്രമാണ് ഈ മേഖലയിൽ നിലവിലുള്ളത്. ഇവർക്ക് ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യധാന്യക്കിറ്റുകൾ വിതരണം നടത്തിയിട്ടുള്ളതാണ്. കൂടാതെ ഹെൽത്ത് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് വാക്സിനേഷൻ |

| | | | |
|---|---|---|---|
| | | | നടപടികൾ പുരോഗമിക്കുന്നു. അതിഥി തൊഴിലാളികൾക്കായുള്ള പാർപ്പിട സമുച്ചയം അപ്നാഘർ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവാസ് പദ്ധതി പ്രകാരമുള്ള പരിരക്ഷ, കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവയ്ക്കും അർഹതയുണ്ട്. |
| (ബി) | പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് 'അപ്നാഘർ' മാതൃകയിൽ ഹോസ്റ്റൽ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ